**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 97** **11-09-2023 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിൽ പ്ലസ് വൺ സീറ്റുകളുടെ അപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലയിൽ പ്ലസ് വൺ പ്രവേശനത്തിന് പര്യാപ്തമായ സീറ്റുകൾ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മലബാർ മേഖലയിൽ നിലവിൽ പ്ലസ് വൺ പ്രവേശനത്തിന് പര്യാപ്തമായ സീറ്റുകൾ ലഭ്യമാണ്. ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് 2023 ജൂലൈ 14-ന് പൂർത്തീകരിച്ച ശേഷം മലബാർ മേഖലയിൽ താലൂക്ക് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കാത്ത അപേക്ഷകരുടെ എണ്ണത്തെ അടിസ്ഥാനപ്പെടുത്തി പാലക്കാട് മുതൽ കാസർകോട് വരെയുള്ള ജില്ലകളിൽ 97താൽക്കാലിക ബാച്ചുകൾ അനുവദിച്ചതിലൂടെ പ്ലസ് വൺ പ്രവേശനത്തിന് പര്യാപ്തമായ സീറ്റുകൾ ഉണ്ട്. |
| (ബി) | മലബാർ മേഖലയിലെ പ്ലസ് വൺ പ്രവേശനത്തിലെ പ്രതിസന്ധി സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | മലബാർ മേഖലയിൽ പ്രത്യേകിച്ച് പാലക്കാട് മുതൽ കാസർകോട് വരെയുള്ള ജില്ലകളിൽ ജില്ലാടിസ്ഥാനത്തിലും താലൂക്കടിസ്ഥാനത്തിലും പ്രവേശനത്തിന് അപേക്ഷിച്ചവരുടെ എണ്ണം വിഷയ കോമ്പിനേഷൻ അടിസ്ഥാനത്തിൽ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. |
| (സി) | തെക്കൻ ജില്ലകളിൽ മതിയായ കുട്ടികളില്ലാതെ ഹയർസെക്കണ്ടറി ബാച്ചുകൾ ഒഴിഞ്ഞു കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ മലബാർ മേഖലയിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | 2023-24 അധ്യയന വർഷത്തെ പ്രവേശന നടപടികൾ ആരംഭിച്ചപ്പോൾ തന്നെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ മതിയായ കുട്ടികളില്ലാത്ത 14 ഹയർ സെക്കന്ററി ബാച്ചുകൾ മലബാർ മേഖലയിലെ മലപ്പുറം ജില്ലയിലേക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. ഈ അധ്യയന വർഷത്തെ പ്രവേശന നടപടികൾ പൂർത്തീകരിച്ച ശേഷം ആവശ്യമെങ്കിൽ വീണ്ടും ഇത്തരം ബാച്ചുകൾ ഉണ്ടോ എന്ന് പരിശോധിച്ച് ആവശ്യമുള്ള മേഖലകളിലേക്ക് ഷിഫ്റ്റ് ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റ് ക്ഷാമത്തിന് സ്ഥിരമായ പരിഹാരമുണ്ടാക്കാൻ എന്തെല്ലാം | (ഡി) | മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റ് ക്ഷാമത്തിന് ഭാവിയിൽ വരാവുന്ന എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ എണ്ണത്തെയും, മുൻ വർഷങ്ങളിലെ |

| | | | |
|---|---|---|---|
| | നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | | പ്രവേശന തോതിനെയും അടിസ്ഥാനപ്പെടുത്തി താലൂക്ക്, തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സീറ്റിന്റെ ലഭ്യത അനുസരിച്ച് വേണ്ടത്ര സീറ്റുകൾ/ ബാച്ചുകൾ നൽകുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ